രക്ഷയുടെ പാതയിൽ-൯



൯

# സഭ ആരാധന സമൂഹം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 15

# സമർപ്പിതജീവിതം



## ഗുരോ നിത്യജീവൻ അവകാശമാക്കുവൻ ഞാൻ എന്തുചെയ്യണം



നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കുകൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക (ലൂക്കാ 18:18).

1. സന്യാസവും രക്തസാക്ഷിത്വവും
2. സന്യാസം ദൈവരാജ്യത്തിന്റെ അടയാളം
3. സന്യാസം: ഈശോയെ അടുത്തനുകരിക്കൽ
4. സന്യാസവും സുവിശേഷോപദേശങ്ങളും
5. ഉപേക്ഷയും പ്രതിഫലവും
6. സന്യാസം സഭയിലും സഭയ്ക്കുവേിയും
7. സന്യാസം സഭയിലും ലോകത്തിലും
8. ദൈവവിളി ഒരു ദൈവദാനം

## സന്ന്യാസവും രക്തസാക്ഷിത്വവും



ഈശോയെ കൂടുതൽ സ്വാതന്ത്ര്യത്തോടെ പിഞ്ചെല്ലാനും അവിടുത്തെ അടുത്തനുകരിക്കാനുമാണ് സന്ന്യാസം ആരംഭിച്ചത്. ഈശോയുമായുള്ള വൈയക്തികബന്ധത്തിൽ സന്ന്യാസികൾ ജീവിതത്തിന്റെ സൗഭാഗ്യവും സഫലതയും കണ്ടെത്തുന്നു.

# സന്ന്യാസം ദൈവരാജ്യത്തിന്റെ അടയാളം

- സന്ന്യാസജീവിതം ദൈവരാജ്യത്തിന്റെമഹത്തായ ഒരടയാളമായി നിലകൊള്ളുന്നുവെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.

ഭൗതികമായ സകലതിനും അതീതമാണ് ദൈവരാജ്യമെന്നും അത് എത്രയധികം പ്രാധാന്യമുള്ളതാണെന്നും സന്ന്യാസജീവതം സുവ്യക്തമാക്കുന്നു (തിരുസഭ 44).



# സന്യാസം: ഈശോയെ അടുത്തനുകരിക്കൽ

സുവിശേഷത്തിലെ ഈശോയെ അടുത്തനുകരിക്കുക എന്നതാണ് സന്യാസത്തിലെ പ്രധാന ലക്ഷ്യം. തന്നെ അയച്ച പിതാവിന്റെ ഇഷ്ടം എപ്പോഴും നിറവേറ്റിയ ഈശോയെ വിശ്വാസികൾക്കും അവിശ്വാസികൾക്കും വ്യക്തമായി വെളിപ്പെടുത്താൻ സന്യാസജീവിതം വഴി തിരുസഭയ്ക്കു സാധിക്കുന്നു (തിരുസഭ 46).







# സന്യാസവും സുവിശേഷോപദേശങ്ങളും

❖ മിശിഹായെ അനുകരിക്കുന്നതിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങളിൽ നിന്നും വിമുക്തി പ്രാപിക്കാൻ സന്യാസവ്രതങ്ങൾ ഒരുവനെ പ്രാപ്തനാക്കുന്നു..

വ്രതബദ്ധമായ സമൂഹ ജീവിതത്തിലൂടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പൂർണ്ണതയിലേക്കു വളരാൻ അവർ ശ്രമിക്കുന്നു.








# ഉപേക്ഷയും പ്രതിഫലവും

- ഈശോയാണ് അനുസരണത്തിന്റെ ഏറ്റവും മഹനീയമായ മാതൃക. ദൈവമാണ് മനുഷ്യന്റെ യഥാർത്ഥമായ നിക്ഷേപം എന്നു ദാരിദ്ര്യം പ്രഘോഷിക്കുന്നു. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കാനും ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷചെയ്യാനും ബ്രഹ്മചര്യവ്രതം സമർപ്പിതരെ സഹായിക്കുന്നു.







# സന്യാസം സഭയിലും സഭയ്ക്കുവേിയും

❖ സഭയുടെ വളർച്ചയ്ക്കുവേണ്ടിയാണ് സന്യാസികൾ പ്രതിഷ്ഠിതരായിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് മിശിഹായ്ക്കും സഭയ്ക്കും വേണ്ടി അവർ ജീവിതം സമർപ്പിക്കുന്നു.

എല്ലാ സന്യാസസമൂഹങ്ങളും തിരുസഭയുടെ ജീവിതത്തിൽ പങ്കുചേരണം. വേദപുസ്തകം, ആരാധനക്രമം, ദൈവശാസ്ത്രം, ഇടയധർമ്മം, പുനരൈക്യം, വേദപ്രചാരണം, സാമൂഹ്യപ്രവർത്തനം എന്നിങ്ങനെ പല തുറകളിലുള്ള തിരുസഭയുടെ വിവിധങ്ങളായ ഉദ്യമങ്ങളെയും ആസൂത്രണങ്ങളെയും ഒരോ സമൂഹവും അതാതിന്റെ ചൈതന്യത്തിനനുരൂപമായി സ്വന്തമാക്കുകയും കഴിവിന്റെ പരമാവധി അവ വളർത്തുകയും വേണം (സന്യാസജീവിതം 2).





# സന്യാസം സഭയിലും ലോകത്തിലും

**ഇന്നു സഭയിൽ പ്രാർത്ഥനവഴിയും വ്രതബദ്ധജീവിതത്തിലൂടെയും വിവിധ ശുശ്രൂഷകളിലൂടെയും സന്യസ്തർ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽതന്നെ ഉള്ള ഒന്നായിട്ടാണ് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ വിശേഷിപ്പിക്കുന്നത്** (സമർപ്പിതജീവിതം 3).

**വിദ്യാലയങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവരും വികാലാംഗരുമായവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, വൃദ്ധമന്ദിരങ്ങൾ തുടങ്ങിയവയിലൂടെയെല്ലാം സഭയുടെ സുവിശേഷവത്ക്കരണ ദൗത്യത്തിൽ സന്യാസസമൂഹങ്ങൾപങ്കുപറ്റുന്നു. ഒട്ടേറെയാളുകൾ അവയിലൂടെ ശാന്തിയും സന്തോഷവും ദൈവസ്നേഹവും അനുഭവിക്കുന്നു.**

# ദൈവവിളി ഒരു ദൈവദാനം

ദൈവം മനുഷ്യർക്കു നല്കുന്ന ദാനമാണ് ദൈവവിളി. മനുഷ്യന്റെ തെരഞ്ഞെടുപ്പല്ല ദൈവത്തിന്റെ തിരഞ്ഞെടുപ്പാണിത്.

നിന്റെ അമ്മയുടെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജറെ 1:4).

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത് (യോഹ15:16).

സമ്പൂർണ്ണമായ ജീവിതസമർപ്പണത്തിലൂടെ ദൈവജനത്തിനു സേവനമർപ്പിക്കാനുള്ള ദൈവവിളിക്ക് ഔദാര്യപൂർവ്വം പ്രത്യുത്തരം നല്കാൻ യുവതീയുവാക്കൾക്കു കടമയുണ്ട്.

# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

(1കോറി. 7:25-35)



# ഓർമ്മിക്കാൻ ഒരു തിരുവചനം

"ആദിമുതൽ ഉായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൾകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചന ത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു

(1 യോഹ. 1:1).

# നമുക്കു പ്രാർത്ഥിക്കാം

**കർത്താവായ ഈശോയേ, സമർപ്പണജീവിതത്തിലേക്കുള്ള അങ്ങയുടെ വിളിയെ തിരിച്ചറിയുവാനും ആ വിളി സ്വീകരിച്ചു കൊണ്ട് അങ്ങേക്കു ശുശ്രൂഷ ചെയ്യുവാനും ഞങ്ങളെ ശക്തരാക്കണമേ.**

# എന്റെ തീരുമാനം

**എന്റെ ദൈവവിളി തിരിച്ചറിയാനും അതിനു പ്രത്യുത്തര മേകാനുമുള്ള കൃപയ്ക്കായി ഞാൻ എന്നും പ്രാർത്ഥിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

**സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽതന്നെയുള്ള ഒന്നാണ്. അവളുടെ ദൗത്യത്തിന്റെ നിർണ്ണായകമായ ഒരു ഘടകമെന്ന നിലയിൽ അതു നിലകൊള്ളുന്നു** (ജോൺപോൾ രാമൻ പാപ്പാ).

Thank you